**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1054** **07-12-2022 - ൽ മറുപടിയ്ക്ക്**

**പുതുക്കാട് മണ്ഡലത്തിലെ വനൃജീവി ആക്രമണം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിൽ വരന്തരപ്പിള്ളി, മറ്റത്തൂർ ഗ്രാമപഞ്ചായത്തുകളിലെ വന്യജീവി ആക്രമണം പതിവായ മേഖലകളിൽ സംരക്ഷണഭിത്തി, സൗരോർജ്ജവേലി എന്നിവയുടെ നിർമാണമടക്കമുള്ള സംരക്ഷണ പ്രവർത്തനങ്ങൾക്ക് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ; ഇതിനായി സത്വര നടപടി സ്വീകരിക്കുമോ? | (എ) | പുതുക്കാട് മണ്ഡലത്തിലെ വരന്തരപ്പിള്ളി, മറ്റത്തൂർ പഞ്ചായത്തുകളിലെ വനൃജീവി ആക്രമണം പതിവായ മേഖലകളിൽ സംരക്ഷണ ഭിത്തി നിർമ്മാണ പ്രവർത്തികളൊന്നും തന്നെ<br>നടത്തിയിട്ടില്ല. ചാലക്കുടി ഡിവിഷനിലെ പാലപ്പിള്ളി റെയ്ഞ്ചിനു കീഴിലും<br>പുതുക്കാട് മണ്ഡലത്തിലെ വരന്തരപ്പിള്ളി ഗ്രാമ പഞ്ചായത്തിനു കീഴിലും ഉൾപ്പെടുന്നതായ വന്യജീവി ആക്രമണം പതിവായ<br>മേഖലകളിൽ സോളാർ ഫെൻസിംഗ് ജോലികൾ<br>പൂർത്തീകരിച്ചിട്ടുള്ള സ്ഥലങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**വരന്തരപ്പിള്ളി ഗ്രാമ പഞ്ചായത്ത് (പാലപ്പിള്ളി റെയ്ഞ്ച്):-**<br>1) എലിക്കോട് ട്രൈബൽ കോളനി- 3 ലൈൻ (2.5 കി.മീറ്റർ)<br>2) ചീനികുന്ന് ട്രൈബൽ കോളനി- 3 ലൈൻ (1.0 കി.മീറ്റർ)<br>നാടാംപാടാം മുതൽ പുലിക്കണ്ണി-3 ലൈൻ (2.5 കി.മീറ്റർ) ഉടമ്പടി വെച്ച് ജോലി ആരംഭിച്ച വരുന്നു.<br>**മറ്റത്തൂർ ഗ്രാമ പഞ്ചായത്ത് (വെള്ളിക്കുളങ്ങര റെയ്ഞ്ച്)**<br>1) കന്നാറ്റുപാടം പൾപ്പ്വുഡ് പ്ലാന്റേഷൻ മുതൽ കൽക്കുഴി വരെ - (3 ലൈൻ 1.0 കി.മീറ്റർ)<br>2) നായാട്ടുകുന്ന് ടൌംവെ മുതൽ ഹാരിസൺ മലയാളം ലിമിറ്റഡ് പ്ലാന്റേഷൻ വരെ (3ലൈൻ(2.0 കി.മീറ്റർ)<br>3) കുതിരവളവ്- ഇഞ്ചക്കുണ്ട്- കൽക്കുഴി (3 ലൈൻ 1.0 കി.മീറ്റർ)<br>4) പോത്തൻചിറ മുതൽ താളൂപ്പാടം വരെ (5 ലൈൻ-10 കി.മീറ്റർ) |

സെക്ഷൻ ഓഫീസർ